(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ .റ്റി.വി.എം.ജി.പി.10/2156/2016 കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി. 15.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-2016സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2.1,2.3 എന്നീ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-5, 3-6 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ
.റ്റി.വി.എം.ജി.പി.10/2156/2016 തീയതി:
15.12.2016

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2016മുതൽ 23.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ,ഡെപ്യൂട്ടി ഡയറക്ടർ | |
| | | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 29.11.2016 മുതൽ 08.12.2016 വരെ | |
| | | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ശ്രീജ. കെ<br>ശ്രീമതി.അനിഷ.എസ് .ബി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ഓഡിറ്റർ(സീ.ഗ്രേഡ്) |
| | | ശ്രീമതി. തനൂജ.എം.എൻ. | ഓഡിറ്റർ(സീ.ഗ്രേഡ്) |
| | | ശ്രീ. ആനന്ദ് .വി. | ഓഡിറ്റർ(സീ.ഗ്രേഡ്) |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | അയിരൂർ മോഹനൻ<br>ദീപ.എസ്. | 01.04.2014മുതൽ30.09.2015 വരെ<br>01.10.2015 മുതൽ 31.03.2016 വരെ |

| | | | | |
|---|---|---|---|---|
| സെക്രട്ടറി | : | | കെ.എസ്. ജസി 01.0 | 01.04.2015മുതൽ 31.03.2016 വരെ |
| | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ. | | | ജോസ്ന .വി.എസ്<br>രമ്യാ സുധീർ | 01.4.15 മുതൽ 05.04.15വരെ<br>6.04.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ<br>എൽ.വി.ഇ.ഒ<br>ഹെഡ്മിസ്ട്രസ് | | | റാഫി.എ<br>സഫീന.എസ്<br>അബ്ദുൽ അസീസ്.എം | 01.04.2015 മുതൽ 31.03.2016 വരെ<br>01.04.2015 മുതൽ 31.03.2016 വരെ<br>01.04.2015 മുതൽ 31.03.2016 വരെ |
| | | | | |
| വെറ്ററിനറി സർജൻ<br>മെഡിക്കൽ ഓഫീസർ | | | ഡോ .വി .ജി.ശാന്തി<br>ഡോ.ഹീര.റ്റി.എസ് | 01.04.2015 മുതൽ 31.03.2016 വരെ<br>01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ. | | | എൻ .രാജീവ്<br>പവിത്ര | 01.04.2015മുതൽ23.07.2015 വരെ<br>24.07.15 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | | വത്സല.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| | | | | |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | വാറ്റ് തുക ഒടുക്കിയിട്ടില്ല നഷ്ടം 1218/- | 2.1 | |
| 13 | കെട്ടിടങ്ങൾ താമസാവശ്യത്തിന് എന്ന പോലെ നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാന ചോർച്ച | 2.2 | |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 233972/- | 2.3 | |
| 15 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 2.4 | |
| 16 | പരസ്യ നികുതി | 2.5 | |
| 17 | ലേലതുകയിൽ ഗണ്യമായ കുറവ് | 2.6 | |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 2.7 | |
| | ഭാഗം 3 | | |
| 19 | പാർശ്വഭിത്തി നിർമ്മാണം - എം. ബുക്കിലെ അളവുകളെക്കാൾ കുറഞ്ഞ അളവിൽ പ്രവൃത്തി -അധികതുക നിരാകരിക്കുന്നു. | 3.1 | |

| | | | |
|---|---|---|---|
| 20 | എസ്റ്റിമേറ്റിനെക്കാൾ കൂടിയനിരക്കിൽ കണക്കാക്കി തുക നൽകി - അധികം നൽകിയ തുക നിരാകരിക്കുന്നു. | 3.2 | |
| 21 | കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ് | 3.3 | |
| 22 | ജാഗ്രതാസമിതി - തുക നിരാകരിക്കുന്നു | 3.4 | |
| 23 | വനിതാപരിശീലന കേന്ദ്രം - മൂന്നു വർഷത്തിനു ശേഷവും പരിശീലനം ആരംഭിച്ചിട്ടില്ല -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3.5 | |
| 24 | തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 3.6 | |
| 25 | സ്പോർസ് കിറ്റ് വിതരണം-ചെൽസ ക്ലബ്ബിന് അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3.7 | |
| 26 | പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല-അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3.8 | |
| 27 | കുടിവെള്ള കിണർനിർമ്മാണം - പദ്ധതി ലക്ഷ്യം നേടിയില്ല | 3.9 | |
| 28 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മരുന്ന് വാങ്ങൽ - ക്രമവിരുദ്ധം | 3.10 | |
| 29 | അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. | 3.11 | |
| 30 | വായ്പാതുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചത് ക്രമവിരുദ്ധം | 3.12 | |
| 31 | വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 3.13 | |
| | ഭാഗം 4 | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |

| | | | |
|---|---|---|---|
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4.4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 37 | ഓഡിറ്റ് റിക്കവറി | 4.6 | |
| 38 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |
| 41 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 25.03.2015 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.16 | 20.07.16 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധമായി ചേർത്തിട്ടുണ്ട് | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 30560302

വരവ് - 54588958
ആകെ - 85149260
ചെലവ് - 70873476
നീക്കിയിരിപ്പ് - 14275784

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | Transfer Credit | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2401532 | 7961147 | 5588542 | 15951221 | 15951221 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2818105 | 4523290 | -2077025 | 5264370 | 5264370 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 879987 | 2719122 | -879987 | 2719122 | 2719122 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2064431 | 13256752 | - | 15321183 | 15321183 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1744353 | 2679287 | - | 4423640 | 4423640 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1858535 | 5666169 | -268752 | 7255952 | 7255952 | - |
| പെർഫോമൻസ് ഗ്രാന്റ് | 5707033 | 1635482 | -2362778 | 4979737 | 4979737 | |
| B.Fund | - | 40727940 | | 40727940 | 40727940 | 0 |
| MNREGS | 41629 | 35569507 | | 35611136 | 35609670 | 1466 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 80236645 | 120 | 59443437 | 7 | 34 | 74.53 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| തൊഴിൽ നികുതി | 1023250 | 1096610 | 73360 | 7.17 |
| കെട്ടിട നികുതി | 2891668 | 1213609 | -1678059 | -58 |
| ഡി & ഒ ലൈസൻസ് | 82850 | 88700 | 5850 | 7.06 |
| ലേലം | 300000 | 208430 | -91570 | -30.5 |
| വാടക | 444842 | 468684 | 23842 | 5.35 |
| മറ്റുവരവുകൾ | 692406 | 1417926 | 725520 | 104 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 788640 | 578 |
| കർഷകതൊഴിലാളി പെൻഷൻ | 5689800 | 785 |
| വിധവാപെൻഷൻ | 16224800 | 1670 |
| വാർദ്ധക്യകാലപെൻഷൻ | 14010600 | 1765 |
| വികലാംഗപെൻഷൻ | 3412800 | 340 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 380000 | 13 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 220800 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16764/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പദ്ധതികൾ വിഭാവനം ചെയ്യുന്നതിലെയും നടപ്പിലാക്കുന്നതിലെയും അപാകതകൾ മൂലം ഫലപ്രാപ്തി കൈവരിക്കുന്നില്ല. പല പദ്ധതികളും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ചെലവിൽ മാത്രം ഒതുങ്ങുന്നു. ഉദ്ദേശ്യലക്ഷ്യം നേടുന്നില്ല.

ഉദാ- വനിതാ പരിശീലന കേന്ദ്രം

ജാഗ്രതാസമിതി

തെരുവ് വിളക്ക് പരിപാലനം മുതലായവ

നികുതി വരുമാനത്തിൽ പുരോഗതി ഉണ്ടാകുന്ന വിധത്തിൽ രജിസ്റ്ററുകൾ പരിപാലിക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. അടിസ്ഥാനമേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്. പല അംഗൻവാടികളുടെയും നില ശോചനീയമാണ്. അംഗൻവാടികളിൽ വെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.11.2016 | 01.10.16- 31.10.16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/02/2013-28/02/2013 | 2007-2008 to 2011-2012 | 29/08/2013 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാറ്റ് തുക ഒടുക്കിയിട്ടില്ല നഷ്ടം 1218/-

പാങ്ങോട് മൃഗാശുപത്രി കോമ്പൗണ്ടിലെ മരുതി മരം 07.07.2015-ന് 8401/- രൂപയ്ക്ക് ലേലം ചെയ്തു. എന്നാൽ ലേല തുകയുടെ 14.5 ശതമാനം വാറ്റ് ഇനത്തിൽ ഈടാക്കുകയോ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച 05.12.2016-ലെ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വാറ്റ് ഈടാക്കി ഒടുക്കിയത് സംബന്ധിച്ച വിവരം അറിയിച്ചിട്ടില്ല. ലേലതുകയുടെ 14.5 ശതമാനമായ 1218/-രൂപ വാറ്റ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാർ ഖജനാവിൽ ഒടുക്കേണ്ടതാണ്.

## 2-2 കെട്ടിടങ്ങൾ താമസാവശ്യത്തിനെന്ന പോലെ നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാന ചോർച്ച

ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച ചില കെട്ടിടങ്ങളിൽ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിന് ഉപയോഗിച്ചുവരുന്നു. ഇതിലൂടെ പഞ്ചായത്തിന് വസ്തു നികുതിയിൽ കുറവുണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ

I/541

II/369

X/532

ഇതു സംബന്ധിച്ച 07.12.2016-ലെ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 19) മറുപടിയിൽ മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ താമസാവശ്യത്തിനാണ് നികുതി നിർണ്ണയിച്ചതെന്ന് അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് പരിശോധന നടത്തി ശരിയായ വസ്തു നികുതി ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ നികുതി ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 2-3. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 2,33,972/- രൂപ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഒടുക്കുന്നില്ല. ഈ ഇനത്തിൽ 2015-16 വരെ 233972/-രൂപ ആകെ കുടിശ്ശികയായിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച 05.12.2016-ലെ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. ഇവയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഒടുക്കിയിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

2015-16 വർഷം പഞ്ചായത്ത് പരിധിയിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകൾക്കൊന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ലെന്ന് 07.12.2016-ലെ ഓഡിറ്റ് എൻക്വയറി 19 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിരുന്നു. 2015-16 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 11 പൗൾട്രി ഫാമുകൾക്ക് പെർമിറ്റ് നൽകിയതായി കാണുന്നു. ഇതിൽ നിന്നും പഞ്ചായത്തിൽ നിരവധി ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണക്കാക്കാവുന്നതാണ്. ടി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി

പഞ്ചായത്ത് കമ്മിറ്റിയുടെ 25.04.2016-ലെ 5-ാം നമ്പർ തീരുമാനമയി പരസ്യനികുതി ബൈലോ അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്കായി അയച്ച നൽകിയിട്ടുണ്ടെന്ന് 07.12.2016-ലെ 21-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി ബൈലോയുടെ അംഗീകാരം ലഭ്യമാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-6 ലേലതുകയിൽ ഗണ്യമായ കുറവ്

പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ മാംസം സംഭരിച്ച് വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവ് ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| പാങ്ങോട് കേന്ദ്രം | 2,00,000 | 7,68,555 | 2,00,000 |
| കൊച്ചാലുംമൂട് കേന്ദ്രം | 40,000 | 1,00,000 | 25,000 |
| ഭരതന്നൂർ | 1,26,000 | 2,55,555 | 40,000 |
| വട്ടക്കരിക്കകം | 13,500 | 25,111 | 8,000/- |

ഇതു സംബന്ധിച്ച 05.12.2016-ലെ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 2015-16 വർഷം 5 തവണ ക്വട്ടേഷൻ/ലേലം നടത്തിയിരുന്നുവെന്നും ആയതിനുശേഷമാണ് ലേലം ഉറപ്പിച്ചതെന്നും അറിയിച്ചു. ഇതു പ്രകാരം പഞ്ചായത്തിന് 2015-16 വർഷം ലേലയിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 8,75,666/-രൂപയുടെ കുറവുണ്ടായി. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കുന്നതിനായി ഭരണസമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു കാരണം പഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയുന്നില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും

ലൈസൻസ് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാർശ്വഭിത്തി നിർമാണം – എം ബുക്കിലെ അളവുകളേക്കാൾ കുറഞ്ഞ അളവിൽ പ്രവൃത്തി – അധിക തുക നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ – 89/15 – 16

പ്രവൃത്തിയുടെ പേര് – അഞ്ചാനക്കുഴിക്കര – വാഴോട്ടുകാല റോഡ് കോൺക്രീറ്റിംഗ്

സാങ്കേതികാനുമതി – TS 398 / AEE / VBP / PNG / 15-16 തിയതി 2.7.15

അടങ്കൽ തുക – 4,80,000/-

ബിൽ തുക – 4,80,000/-

ബിൽ നമ്പർ – 87/16

എം .ബുക്ക് – 62 / 15 – 16

കൺവീനർ – വിദ്യ . എസ്

മേൽ പ്രവൃത്തിയുടെ ഐറ്റം 2 “Dry stone masonry for foundation and basement etc. complete-super structure “ എന്ന ഇനം പ്രവൃത്തിയിൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ എം ബുക്കിൽ രേഖപ്പെടിത്തിയിരിക്കുന്ന അളവുകളേക്കാൾ കുറഞ്ഞ അളവിൽ പ്രവൃത്തി ചെയ്തിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. പാർശ്വഭിത്തിയുടെ വീതി 50 സെ.മീ ആണ് പരിശോധനയിൽ കണ്ടത്. എന്നാൽ എം ബുക്കിൽ 1 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. Foundation ന്റെ വീതി 1 മീറ്റർ ആയതിനാലാണ് അപ്രകാരം രേഖപ്പെടുത്തിയതെന്ന് മറുപടി നൽകി. എന്നാൽ Foundation 1 മീറ്റർ ആണെങ്കിൽ പാർശ്വഭിത്തിയുടെ വീതി ശരാശരി ആയ .75 മീറ്റർ മാത്രമേ നൽകാൻ കഴിയൂ. ഇപ്രകാരം അധികം ചെലവായതുക നിരാകരിക്കുന്നു.

| എം ബുക്ക് പ്രകാരമുള്ളഅളവുകളുംനൽകിയ തുകയും | യഥാർത്ഥ അളവും അനുവദിക്കാവുന്നതുകയും |
|---|---|
| 6x1x2 =12m$^3$<br>7x1x2 =14m$^3$<br>5.5x1x2 =11m$^3$<br>9x1x2 =18m$^3$<br>4.8x.9x1.8 =7.80m$^3$<br>6x.68x1.35 =5.5m$^3$<br>5.7x5x1 =2.85m$^3$<br>3x.5x.6 =.90m$^3$<br>.9x.6x.9 =.49m$^3$<br>2x.5x.9 =.90m$^3$<br>=73.44m$^3$<br>Dry stone masonry<br>for foundation =26.21m$^3$<br>Total (limited to) =97.65m$^3$<br>എം.ബുക്ക് പ്രകാരം അനുവദിച്ച തുക-97.65x3147.83=307385 | 6x0.75x2 =9m$^3$<br>7x0.75x2 =10.5m$^3$<br>5.5x0.75x2 =8.25m$^3$<br>9x0.75x2 =13.5m$^3$<br>4.8x0.75x1.8 =6.48m$^3$<br>6x0.75x1.35 =6.08m$^3$<br>5.7x5x1 =2.85m$^3$<br>3x.5x.6 =.90m$^3$<br>.9x.6x.9 =.49m$^3$<br>2x.5x.9 =.90m$^3$<br>=58.95m$^3$<br>Dry stone masonry<br>for foundation =26.21m$^3$<br>Total =85.16m$^3$<br>അനുവദിക്കാവുന്ന തുക85.16x3147.83=268069 |

അധികം നൽകിയ തുക 39316/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേതാണ്.

## 3-2 എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കി തുക നൽകി - അധികം നൽകിയ തുക നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ - 75/15-16

പ്രവൃത്തി - തണ്ണിച്ചാൽ വലിയവേങ്കാട്റോഡ് റീ ടാറിങ്ങ്

അടങ്കൽ - 600000/-

ബിൽ നമ്പർ - 46/16

ബിൽ തുക - 585259

എം ബുക്ക് നമ്പർ - 516/2015-16

കോൺട്രാക്ടർ - കെ. അനിൽകുമാർ

സാങ്കേതികാനുമതി -TS No 286/TS/AEE/VBP/PNG/15-16 Dt 10.06.15

` മേൽ പ്രവർത്തിയുടെ ആകെ അടങ്കൽ തുക 6,00,000/- ആണ്. 2.7% Tender Below അംഗീകരിച്ചാണ് കോൺട്രാക്ടർ ശ്രീ. കെ. അനിൽകുമാറുമായി കരാർ ഉറപ്പിച്ചിട്ടുള്ളത്. എം ബുക്ക് (പേജ് 28) പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം 6,01,499/- ആണ്. ഇത് എസ്റ്റിമേറ്റ് തുകയായ 6,00,000/-ൽ പരിമിതപ്പെടുത്താതെ tender below കണക്കാക്കിയതിൽ താഴെ പറയും വിധം അധിക തുക ചെലവായിട്ടുണ്ട്.

| അനുവദിച്ചത് | അനുവദിക്കാവുന്നത് |
|---|---|
| ആകെ പ്രവർത്തിമൂല്യം-601499<br>2.7% tender Below 16240<br>= 585259<br>VAT- 23410<br>IT - 5853<br>KCWWF- 5853<br>35116<br>കോൺട്രാക്ടർക്ക് നൽകിയത് 550143/- | ആകെ പ്രവർത്തിമൂല്യം-600000<br>2.7% tender Below 16200<br>= 583800<br>VAT- 23352<br>IT - 5838<br>KCWWF- 5838<br>35028<br>കോൺട്രാക്ടർക്ക്നൽകാവുന്നത്-548772 |
| അധികം നൽകിയ തുക | 1371 |

അധികം നൽകിയതുക ഉത്തരവാദപ്പെട്ടഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ്

പ്രോജക്റ്റ് നമ്പർ - SO052/16

പ്രവൃത്തി - ജണ്ടാമുക്ക് തണ്ണിച്ചാൽ റോഡ്

അടങ്കൽ - 350000/-
ബിൽ നമ്പർ - 67/16
ബിൽ തുക - 324965
എം ബുക്ക് നമ്പർ - 47/15-16
കോൺട്രാക്ടർ - അക്ബർഷാ
സാങ്കേതികാനുമതി - 69/Ts/AEE/VBP/PNG/14-15

മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ്, കരാർ ഉടമ്പടി വ്യവസ്ഥകളിൽ (15/AE/LSGD/PGD/14/15) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20%സമയം കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണെന്നും തുടർന്ന് വരുന്ന മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം പിഴയും ചുമത്തുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്രവൃത്തി കോൺട്രാക്ടർ ശ്രീ.അക്ബർഷാ 16.10.14.ന് സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരന്റെ അപേക്ഷയില്ലാതെ തന്നെ ആറുമാസത്തെ നിർദ്ദിഷ്ട കാലാവധി കഴിഞ്ഞപ്പോൾ 16.04.15മുതൽ16.10.15 വരെയും തുടർന്ന് 16.10.15മുതൽ16.01.16 വരെയും പിന്നീട് 16.01.16മുതൽ 16.2.16 വരെയും സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട കാലാവധിക്കുശേഷം പിഴയില്ലാതെ നൽകാവുന്ന സമയമായ 36 ദിവസത്തിന് ശേഷം 22.5.15മുതൽ 22.1.16 വരെയുള്ള 8 മാസങ്ങൾക്കായി കരാർ തുകയുടെ 1% ആയ 3500/-രൂപ മാത്രമേ പിഴ ഈടാക്കിയിട്ടുള്ളൂ. താഴെ പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|
| 3500/- | ആദ്യത്തെ മൂന്ന് മാസം 1% - 3500<br>അടുത്ത മൂന്ന് മാസം 2% - 7000<br>അടുത്ത രണ്ട് മാസം 2% - 4666<br>ആകെ 15166 | 11666 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

## 3-4 ജാഗ്രതാ സമിതി - തുക നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ - SO 021/16
നിർവ്വഹണ ഉദ്യോഗസ്ഥ - ICDSസൂപ്പർവൈസർ
പദ്ധതി അടങ്കൽ - 50000/-(തനത് ഫണ്ട്)
പദ്ധതി ചെലവ്. - 42500/-
ചെക്ക് നമ്പർ. - 685692/7.10.2014

2015-16 സാമ്പത്തിക വർഷം പാങ്ങോട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ജാഗ്രതാസമിതി എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ 19 വാർഡുകളിലും വാർഡുതല ജാഗ്രതാസമിതി ബോർഡ് സ്ഥാപിക്കുകയും രജിസ്റ്ററുകൾ വാങ്ങുകയും പഞ്ചായത്ത്തല ഓഫീസിനായി ബോർഡ് സ്ഥാപിക്കുകയും ഫർണിച്ചർ വാങ്ങുകയുമാണുണ്ടായത്. വാർഡുതല രജിസ്റ്റർ പരിശോധിച്ചത് പ്രകാരം മിക്ക വാർഡുകളിലും 2015-16 സാമ്പത്തിക വർഷം പ്രവർത്തനം നടന്നതായി കാണുന്നില്ല.

24.08.16ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 19 വാർഡുകളിൽ വാർഡുതല ബോർഡും പഞ്ചായത്ത് തല ബോർഡും 30500/- രൂപ ചെലവിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവഴിച്ച് ബാക്കി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം, സേവനം | തുക | മറ്റ് വിവരങ്ങൾ |
|---|---|---|
| SAS enterprises- രജിസ്റ്റർ ലഭ്യമാക്കുന്നതിന് | 2100 | ബിൽ നമ്പർ 1287/24.03.15 |

| | | |
|---|---|---|
| SIDCO ഫർണിച്ചർ ലഭ്യമാക്കുന്നതിന് | 10000<br>DD<br>No523471,12.10.2015 | Invoice0225/24.1.15<br>Receipt no 3515/21.10.15 (ഇൻവോയിസ് നമ്പർ 874 പ്രകാരമുള്ള രസീത് ആണ് ലഭ്യമാക്കിയത്) |

16.03.15 ലെ i(i) നമ്പർ ഭരണാനുമതി ലഭിച്ച ഈ പദ്ധതി പ്രകാരം ഫർണിച്ചർ വാങ്ങിയതിന്റെ ഇൻവോയിസ് തീയതി 24.01.2015 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി പദ്ധതി നിർവ്വഹിച്ച ഐ.സി.ഡി.എസ്സ് സൂപ്പർവൈസറിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇൻവോയിസിലെ അളവുകൾ പ്രകാരമുള്ള ഫർണിച്ചർ പ്രാദേശിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. DD No.523471, 12.10.2015 പ്രകാരമുള്ള ഈ ചെലവിന് ആധാരമായ യഥാർത്ഥ ബില്ലിന്റെയും ഫർണിച്ചറിന്റെയും അഭാവത്തിൽ ഈ ഇനത്തിലെ ചെലവ് തുക10000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 <u>വനിതാ പരിശീലന കേന്ദ്രം-മൂന്നു വർഷത്തിനു ശേഷവും പരിശീലനം ആരംഭിച്ചിട്ടില്ല - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല</u>

26.02.2013-ൽ ഉദ്ഘാടനം ചെയ്ത വനിതാ പരിശീലന കേന്ദ്രം വയറിംഗിനായി 2015-16 സാമ്പത്തിക വർഷം 1,29,000/-രൂപ ചെലവഴിച്ച് വയറിംഗ് ചെയ്തിട്ടുണ്ട്. ( Project No 115/2016) വനിതാപരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അറിയുന്നതിലേക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 13 നുള്ള മറുപടി പ്രകാരം 2013-14 കാലയളവിൽ 10,31,763/- രൂപ ചെലവഴിച്ച് നിർമ്മാണം നടത്തിയ വനിതാപരിശീലനകേന്ദ്രത്തിൽ നാളിതുവരെ ഒരു പരിശീലന പ്രവർത്തനവും ആരംഭിച്ചിട്ടില്ല എന്നറിയിച്ചു. ഓഡിറ്റ് ടീമിന്റെ സ്ഥല പരിശോധനയിൽ വനിതാ പരിശീലനകേന്ദ്രത്തിന്റെ സീലിംഗ് പൊട്ടിപൊളിഞ്ഞ് താഴെ വീണ നിലയിലും ഉപയോഗയോഗ്യമല്ലാതെയും കാണപ്പെട്ടു. 2013-14 കാലയളവിൽ നിർമ്മിച്ച പരിശീലന കേന്ദ്രത്തിൽ പരിശീലനം ആരംഭിച്ചിട്ടില്ല എന്നത് മാത്രമല്ല ലക്ഷകണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയോഗപ്രദമാക്കിയിട്ടില്ല ഈവിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 <u>തെരുവ് വിളക്കുകളുടെ മെയിന്റനൻസ്- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

പ്രോജക്ട്നമ്പർ - SO003/16
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ബിൽ നമ്പർ - 35/15-16(28.03.16)
പദ്ധതി അടങ്കൽ - 300000/-
പദ്ധതി ചെലവ് - 252795/-

പദ്ധതി പ്രകാരം തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി AIMS Energy Systems എന്ന സ്ഥാപനവുമായി 27.01.16 മുതൽ 26.01.17 വരെ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം 2x11 watts CFL

തെരുവ് വിളക്ക് ഒന്നിന് 285/- രൂപയാണ് നൽകേണ്ടത്. 19.03.16 ലെ ബിൽ ഇൻവോയിസ് നമ്പർ 199 പ്രകാരം 887 തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി 252795/- രൂപ നൽകിയിട്ടുണ്ട്. (DD No 775874/30.03.16) ടി മെയിന്റനൻസിന് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 27.01.2017 വരെ കരാർ നിലവിലിരിക്കെ 2016-17 സാമ്പത്തികവർഷത്തിൽ തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി 600000/- രൂപ വകയിരുത്തിയിട്ടുണ്ട്. തെരുവ് വിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും 26.01.2017 വരെയുള്ള കരാർ കാലാവധി കഴിയുന്നതുവരെയുള്ള എല്ലാ മെയിന്റനൻസും ടി കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ ചെയ്യിക്കേണ്ടതുമാണ്.

## 3-7 സ്പോർട്സ് കിറ്റ് വിതരണം - ചെൽസ ക്ലബ്ബിന് അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - SO114/16
പദ്ധതി അടങ്കൽ - 35000/-(Own Fund)
നിർവ്വഹണ ഉദ്യോഗസ്ഥ - സെക്രട്ടറി
DD NO - 773623/16.03,16

പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും തുക പിൻവലിക്കുകയും അഞ്ച് സ്പോർട്സ് കിറ്റുകൾക്കായി 35000/- രൂപ Metro Footwear, Kallara എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇവ വിതരണം ചെയ്തതിൽ ചെൽസ ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്ന സ്ഥാപനത്തിന്റെ അംഗീകാരം സബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സ്പോർട്സ് കിറ്റ് ആനുകൂല്യം വിതരണം ചെയ്യുമ്പോൾ സ്ഥാപനങ്ങൾക്ക് സർക്കാർ അംഗീകാരം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല- അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

എ)പങ്കാട് കുടിവെള്ളപദ്ധതി
SO161/16 പദ്ധതി പ്രകാരം ബിൽ നമ്പർ 37/15-16 തീയതി 30.03.2016 പ്രകാരം 4,30,000/- രൂപ പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. (DD NO 776213, 31.03.16). നെടുമങ്ങാട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ഏർപ്പെട്ട കരാർ പ്രകാരം പദ്ധതി സെപ്റ്റംബറിനകം പൂർത്തിയാകേണ്ടതാണ്. എന്നാൽ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമായിട്ടില്ല.

ബി)അംഗൻവാടികളുടെ വൈദ്യുതീകരണം

SO 160/16 പദ്ധതി പ്രകാരം കൈതപച്ച. മൂലപ്പേഴ്, പുളിക്കരസ വാഴത്തോപ്പ് പച്ച, ചന്തക്കുന്ന, അയിരൂർ, ഈട്ടിമൂക്ക് എന്നീ അംഗൻവാടികളുടെ വൈദ്യുതീകരണത്തിനായി ബിൽ നമ്പർ 36/15-16,30.03.16 പ്രകാരം 436000/- പിൻവലിച്ച് Ex Engineer, PWD, Elec sectionന് DDNO 776336 ,776337,776338 31.03.2016 മുഖേന നൽകിയിട്ടുണ്ട്. അംഗൻവാടികളുടെ വൈദ്യുതീകരണം നാളിതുവരെ തുടങ്ങിയിട്ടില്ല. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കുടിവെള്ള കിണർ നിർമ്മാണം(എസ്.പി)-പദ്ധതി ലക്ഷ്യം നേടിയില്ല

പ്രോജക്ട് നം. - SOO13/16
അടങ്കൽ തുക - 7,20,000/-
ചെലവ് തുക - 1,64,000/-

ടി പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾ മാത്രമേ കുടിവെള്ളക്കിണർ നിർമ്മാണം പൂർത്തിയാക്കി മുഴവൻ തുകയും (17,000/-രൂപ) കൈപ്പറ്റിയിട്ടുള്ളൂ. മറ്റു 13 ഗുണഭോക്താക്കൾ 2015-16 വർഷം പണി പൂർത്തിയാക്കിയിട്ടില്ല. ഇവർ ഒന്നാം ഗഡുവായി 10,000/-രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥരും പഞ്ചായത്ത് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ

പുലർത്തേണ്ടതാണ്.

## 3-10 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മരുന്ന് വാങ്ങൽ-ക്രമവിരുദ്ധം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങി നൽകുന്നതിനു മുൻപ് പ്രസ്തുത മരുന്നുകൾ വകുപ്പുതലത്തിൽ ലഭ്യമല്ല എന്ന് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013 /ത.സ്വ.ഭവ തീയതി 16.11.2013 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ഇപ്രകാരമാണ് മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പാക്കേണ്ടത്. ആയതിനാൽ ഇത്തരം നടപടിക്രമംപാലിച്ച് തന്നെ പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ ഉത്തരവിന് വിരുദ്ധമായി 2015-16 നടത്തിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നമ്പർ | തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | SO034/16 | 600000/- | 3/15-16/<br>DDNO 521243 18.08.15 |
| 2 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | SO035/16 | 100000/- | 4/15-16 |
| | | TOTAL | 700000/- | |

## 3-11 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പാങ്ങോട് പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുതി, കുടിവെള്ളം എന്നിവ ഇല്ലാത്ത അംഗൻവാടികൾ പ്രവർത്തിക്കുന്നു. 32 അംഗൻവാടികളിൽ 30 എണ്ണത്തിനും സ്വന്തമായി കെട്ടിടം പഴക്കം ഉണ്ടെങ്കിലും ഇതിൽ അംബേദ്കർ കോളനി (സെന്റർ നമ്പർ-82) അംഗൻവാടി കെട്ടിടം പഴക്കം ചെന്നതാണ്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനോടൊപ്പം കുട്ടികളുടെ സുരക്ഷ മുൻനിർത്തി കാലപഴക്കം ചെന്ന കെട്ടിടങ്ങൾ പുനരുദ്ധാരണം നടത്തേണ്ടതാണ്. വൈദ്യുതി ഇല്ലാത്ത 10 അംഗൻവാടികളും കുടിവെള്ള ലഭ്യത ഇല്ലാത്ത 6 അംഗൻവാടികളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വായ്പാ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചത് ക്രമ വിരുദ്ധം

ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം ശ്രീമതി. ഷീലയ്ക്ക് അനുവദിച്ച വീട് കൈമാറ്റം ചെയ്യുന്നതിന് സർക്കാർ അനുമതി ലഭിക്കുകയും സർക്കാർ നിർദ്ദേശപ്രകാരം പലിശയടക്കം 113145/-രൂപ 19.12.2014-ൽ തനതു ഫണ്ടിൽ ഒടുക്കുവരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക സഹകരണ ബാങ്കിലെ ലോൺ അക്കൗണ്ടിൽ 27.03.2015-ലെ ചെക്ക് പ്രകാരം മാത്രമാണ് ഒടുക്കിയിട്ടുള്ളത്. വായ്പാതുക വായ്പാ അക്കൗണ്ടിൽ ഒടുക്കു വരുത്താതെ മൂന്നു മാസം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്. ഈയിനത്തിലെ പലിശ സർക്കാരിന്റെ ബാദ്ധ്യതയാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച്

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) 362/2013 ത.സ്വ.ഭ.വ. 16.11.2013 പ്രകാരം 30 ച.മീ കുറയാത്തതും 66 ച.മീ കൂടാത്തതുമായ തറ വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിക്ക് അർഹതയുള്ളൂ. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ തറ വിസ്തീർണ്ണം പരിശോധിച്ച് പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

വി.ഇ.ഒ. നിർവ്വഹണം നടത്തിയ SOO45/16 (ജവഹർലാൽ നെഹ്റു ഹൗസിംഗ് സ്കീം (ജനറൽ), SOO48/16 (ജവഹർലാൽ നെഹ്റു ഹൗസിംഗ് സ്കീം (വനിത) എന്നീ പദ്ധതികളിൽ പ്രസ്തുത രേഖകൾ

ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണത്തിന്റെ പൂർത്തീകരണം നടത്തിയ ഫോട്ടോയും ഫയലിൽ ഉൽപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പാങ്കാട് കുടിവെള്ളപദ്ധതി | 776213/31.03.16 | 430000 | ലഭ്യമല്ല | |
| PWD, Electrical Wing | അംഗൻവാടി വൈദ്യുതീകരണം | 776336, 776337,776338/31.03.16 | 436000 | ലഭ്യമല്ല | |
| PWD, Electrical Wing | മൃഗാശുപത്രി വയറിംഗ് | 772816/ 01.03.2016 | 168750 | ലഭ്യമല്ല | |
| PWD, Electrical Wing | വനിത പരിശീലന കേന്ദ്രം വയറിംഗ് | 772814/01.03.2016 | 129600 | ലഭ്യമല്ല | |
| PWD, Electrical Wing | ആയുർവേദ ആശുപത്രി വയറിംഗ് | ഡി.ഡി.നമ്പർ 772815/ 01.03.2016 | 239625 | ലഭ്യമല്ല | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 273/2012 27.01.2010 | 30219500 | 18246750 | 4366557 | - | 13880193 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2.4 , 3.13 | 1370 | ജെസ്സി.കെ.എസ്,സെക്രട്ടറി | 11503102640/08.01.16,11503101591/ 14.09.15 |
| 2013-14 | 3.2 | 2032 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11503102824/30.01.2016 |
| 2013-14 | 3.4 | 2815 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11503102823/30.01.16 |
| 2013-14 | 2.1.3 | 2500 | ജെസ്സി.കെ.എസ്,സെക്രട്ടറി | 11503102824/08.01.16 |
| 2013-14 | 2.1.2 | 1000 | ജെസ്സി.കെ.എസ്,സെക്രട്ടറി | 11503102442/10.12.15 |
| 2013-14 | – | 1253 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ | 11503102329/1.12.15 |
| E1-113 DDP | -- | 376 | ചന്ദ്രമോഹൻ,സെക്രട്ടറി | 11503101406/19.01.15 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3/7A/7B | 2006-07 | 3.31 | വി.ഇ.ഒ മാരുടെ ചെലവ് | റവന്യൂ റിക്കവറി |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 54588958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70873476 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 60020 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 39316 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.2 | | 1371 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.3 | | 11666 | രമ്യസുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.4 | | 10000 | കുമാരി കല , ICDS സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | നഷ്ടം സംഭവിച്ച സ്ഥാപനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2.1 | 1218 | സംസ്ഥാന സർക്കാർ | കെ.എസ്.ജെസ്സി, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കുമാരി കല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മുരളീവരം,<br>പണിമൂല, അണ്ടൂർക്കോണം |

| | | |
|---|---|---|
| കെ.എസ്സ്.ജെസ്സി,<br>സെക്രട്ടറി | സെക്രട്ടറി,<br>പാങ്ങോട് ഗ്രാമ പഞ്ചായത്ത് | കിഴക്കേവിള , കൊക്കോതമംഗലം,<br>മുണ്ടേല.പി.ഒ, നെടുമങ്ങാട് |
| രമ്യ സുധീർ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>പൂവാർ ഗ്രാമ പഞ്ചായത്ത് | തോപ്പിൽ,<br>കുന്നം കുളം ലൈൻ,<br>മെഡിക്കൽ കോളേജ് .പി.ഒ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | No.LFTD.GP10/571/03 dtd.21.07.2014 | 13 | |
| 2001-02 | No.LFTD.GP.10/571/04 dtd.21.07.2014 | 4 | |
| 2002-03 | No.LFTD.GP.10/408/05 dtd.21.07.2014 | 4 | |
| 2003-04 | No.LFTD.GP.10/909/06 dtd.21.07.2014 | 3 | |
| 2004-05 | No.LFTD.GP.10/1158/08 dtd.21.07.2014 | 2 | |
| 2005-06 | No.LFTD.GP.10/980/09 dtd.21.07.2014 | 5 | |
| 2006-07 | No.LFTD.GP.10/981/09 dtd.21.07.2014 | 8 | |
| 2007-08 | No.LFTD.GP.10/669/11 dtd.21.07.2014 | 5 | |
| 2008-09 | No.LFTD.GP.10/670/11 dtd.21.07.2014 | 9 | |
| 2009-10 | No.LFTD.GP.10/1269/12 dtd.21.07.2014 | 18 | |
| 2010-11 | No.LFTD.GP.10/1270/12<br>dtd.19.11.12/04.05.2013 | | |

| | | | |
|---|---|---|---|
| | | | |
| 2011-12 | No.LFTD.GP.10/1142/13 dtd.31.7.2013, 28.10.2013 | | |
| 2012-13 | No.LFTD.GP.10/234/15 dtd.2.05.2015/07.07.2015 | | |
| 2013-14 | No.LFTD.GP.10/2070/15 dtd.14.12.2015 | 17 | |
| 2014-15` | No.KSATVM.GP.10/1375/16 dtd 01.08.2016 | 24 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# **അനുബന്ധം-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളും ഒഴികെ എ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12-ലെ നം.3/19/2003/ധന. തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകളുടെ സംഗ്രഹം

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
2. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്